B

# സമഗ്ര ശിക്ഷ, കേരളം

# വാർഷിക മൂല്യനിർണയം 2018-19

506

## അടിസ്ഥാനശാസ്ത്രം

ക്ലാസ് - 5

സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിറ്റ് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. ആകെ 8 പ്രവർത്തനങ്ങളാണ് നൽകിയിരിക്കുന്നത്. അവയിൽ ഏതെങ്കിലും 6 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

---

പ്രവർത്തനം : 1

വിവിധ ജീവികളുടെ വളർച്ചാഘട്ടങ്ങളാണ് താഴെ നൽകിയിരിക്കുന്നത്.

| | | |
|---|---|---|
| മുട്ട | കൂത്താടി | കൊതുക് |
| പ്യൂപ്പ | ലാർവ | |
| കുഴിയാന | വാൽമാക്രി | |
| | ചിത്രശലഭം | |

(എ) ഏതെല്ലാം ജീവികളുടെ വളർച്ചാഘട്ടങ്ങളാണ് പട്ടികയിൽ പൂർണമായി നൽകിയിട്ടുള്ളത്? അവയുടെ വളർച്ചാഘട്ടങ്ങൾ ക്രമപ്പെടുത്തി എഴുതുക.

(ബി) താഴെ തന്നിട്ടുള്ള ജീവികളുടെ ലാർവകളെ കണ്ടെത്തി എഴുതുക?

ചിത്രം A



ചിത്രം B



(സി) ഇത്തരത്തിൽ ജീവികൾക്കുണ്ടാകുന്ന മാറ്റത്തിനുപറയുന്ന പേരെന്ത്?

**പ്രവർത്തനം : 2**

ഏതാനും ശീലങ്ങൾ താഴെ നൽകിയിരിക്കുന്നു.

1. വീടുകളിലെ മാലിന്യങ്ങൾ തൊട്ടടുത്ത പറമ്പിൽ നിക്ഷേപിക്കുന്നു.
2. ദിവസവും രണ്ടുനേരം കുളിക്കുന്നു.

3.മധുരപലഹാരങ്ങൾ കഴിച്ചശേഷം വായ് കഴുകാറില്ല.

4.വീടും പരിസരവും നിത്യേന വൃത്തിയാക്കുന്നു.

5.ആഴ്ചയിലൊരിക്കൽ നഖം വെട്ടുന്നു.

6.ടോയ്‌ലെറ്റിൽ പോയശേഷം സോപ്പുപയോഗിച്ച് കൈ കഴുകാറില്ല.

7.കളികൾക്കുശേഷം കൈകാലുകൾ കഴുകാറുണ്ട്.

8.അഴുക്കുപുരണ്ട വസ്ത്രങ്ങൾ ധരിക്കുന്നു.

(എ) ശരിയായ ശുചിത്വ ശീലങ്ങൾ തിരഞ്ഞെടുത്തെഴുതുക.

(ബി) കൊതുകു നിവാരണത്തിലൂടെ തടയാൻ കഴിയുന്ന രോഗം ഏത്?

(കുഷ്ഠം, എലിപ്പനി, മലമ്പനി, മഞ്ഞപ്പിത്തം)

(സി) 'വഴിയരികിൽ തുറന്നുവച്ചുവിൽക്കുന്ന ഭക്ഷണപദാർഥങ്ങൾ വാങ്ങി കഴിക്കരുത്'. ഈ പ്രസ്താവനയോട് നിങ്ങളുടെ പ്രതികരണങ്ങൾ രേഖപ്പെടുത്തുക.

**പ്രവർത്തനം : 3**

സ്കൂൾ വിദ്യാർഥികൾ തട്ടേക്കാട് പക്ഷിസങ്കേതത്തിലേക്ക് ഒരു പഠനയാത്ര നടത്തി. അവർ വിവിധ തരത്തിലുള്ള പക്ഷികളെ നിരീക്ഷിച്ച് കുറിപ്പ് തയാറാക്കി.

(എ) പക്ഷികളുടെ ഏതെല്ലാം സവിശേഷതകളാണ് അവർ നിരീക്ഷണക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ടാവുക. ?

(ബി) കേരളത്തിൽ ദേശാടനപക്ഷികൾ ധാരാളമായി വന്നെത്തുന്ന രണ്ട് പ്രദേശങ്ങളുടെ പേരെഴുതുക?.

(സി) ലോക പ്രസിദ്ധനായ ഒരു ഇന്ത്യൻ പക്ഷിനിരീക്ഷകന്റെ പേരെഴുതുക?

**പ്രവർത്തനം : 4**

കൊതുകു നിർമാർജനയജ്ഞത്തോടനുബന്ധിച്ച് ഒരു പഞ്ചായത്ത് നടത്തിയ സർവേഫലമാണ് താഴെ കൊടുത്തിരിക്കുന്നത്.

| വീട് നമ്പർ | ചിരട്ടകളിൽ വെള്ളം കെട്ടി നിൽക്കുന്നു | ടെറസിൽ വെള്ളം കെട്ടി നിൽക്കുന്നു | ഓടകളിൽ വെള്ളം കെട്ടി നിൽക്കുന്നു | മുട്ടത്തോടിൽ വെള്ളം കെട്ടി നിൽക്കുന്നു | പ്ലാസ്റ്റിക് പാത്രങ്ങളിലും കളിപ്പാട്ടങ്ങളിലും മലിനജലം ഉണ്ട് |
|---|---|---|---|---|---|
| വീട് 1 | ✓ | ✓ | × | × | ✓ |
| വീട് 2 | × | × | × | ✓ | × |
| വീട് 3 | ✓ | ✓ | ✓ | × | ✓ |
| വീട് 4 | × | ✓ | ✓ | ✓ | ✓ |

(എ) കൊതുകുശല്യം അനുഭവപ്പെടാൻ സാധ്യത കുറവുള്ള വീട് ഏത്?

(ബി) ഈ വീടുകളിൽ കൊതുകു നിർമാർജനത്തിനായി സ്വീകരിക്കാവുന്ന ഏതെങ്കിലും രണ്ടു പ്രവർത്തനങ്ങളെഴുതുക?

(സി) 'ഡ്രൈഡേ' മാസത്തിലൊരിക്കൽ ആചരിച്ചാൽ മതി". ഈ അഭിപ്രായത്തോട് നിങ്ങൾക്കുള്ള പ്രതികരണം രേഖപ്പെടുത്തുക.

**പ്രവർത്തനം : 5**

ബഹിരാകാശ സഞ്ചാരികൾക്ക് ഉണ്ടാകുന്ന അനുഭവങ്ങളുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ താഴെ നൽകിയിരിക്കുന്നു.

a. ഭാരക്കൂടുതൽ അനുഭവപ്പെടുന്നു.

b. ശ്വസനോപകരണങ്ങളില്ലാതെ ശ്വസിക്കുവാൻ കഴിയുന്നില്ല.

c. ആയാസരഹിതമായി നടക്കുവാൻ കഴിയുന്നു.

d. കിടന്നുറങ്ങുമ്പോൾ ഉറപ്പിച്ച കട്ടിലിൽ ശരീരം ബെൽറ്റിട്ട് കെട്ടണം.

(എ) തെറ്റുള്ള പ്രസ്താവനകൾ കണ്ടെത്തി എഴുതുക.

(ബി) താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങളിലെ ബഹിരാകാശ സഞ്ചാരികൾ ആരെല്ലാം?

ചിത്രം A



ചിത്രം B



(സി) രണ്ടാമത്തെ ബഹിരാകാശയാത്രയ്ക്കിടയിൽ കൊളമ്പിയ സ്പേയ്സ് ഷട്ടിലിനുണ്ടായ അപകടത്തിൽപ്പെട്ട് മരണമടഞ്ഞ ബഹിരാകാശ യാത്രിക ആര്?.

**പ്രവർത്തനം : 6**

ജ്ഞാനേന്ദ്രിയങ്ങളുടെ തകരാറുമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ സഹായിക്കാനുള്ള ചില ഉപകരണങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

വൈറ്റ്കെയിൻ ബ്രെയിൽ ലിപി ടാക്റ്റൈൽ വാച്ച്

ശ്രവണസഹായി ടോക്കിങ് വാച്ച് എമ്പോസ്ഡ് മാപ്പ്

(എ) മുകളിൽ കൊടുത്തിരിക്കുന്ന ഏതെങ്കിലും നാലുപകരണങ്ങളുടെ ഉപയോഗം എഴുതുക?

(ബി) കാഴ്ചശക്തി പരിശോധിക്കാനായി ഉപയോഗിക്കുന്ന ചാർട്ടിന്റെ പേരെന്ത്?

**പ്രവർത്തനം : 7**

ശാസ്ത്രദിനവുമായി ബന്ധപ്പെട്ട് ടീച്ചർ തയാറാക്കി നൽകിയ കാർഡുകളാണ് താഴെ കൊടുത്തിരിക്കുന്നത്.

| | | | |
|---|---|---|---|
| 1 | ഇന്ത്യയുടെ ആദ്യ കൃത്രിമോപഗ്രഹം | A | ഇന്ത്യയുടെ ചന്ദ്രപര്യവേക്ഷണ പദ്ധതി |
| 2 | വിദ്യാഭ്യാസ കാര്യങ്ങൾക്കായി ഇന്ത്യ വിക്ഷേപിച്ച ഉപഗ്രഹം | B | ആര്യഭട്ട |
| 3 | ചന്ദ്രയാൻ | C | ഇന്ത്യയുടെ ചൊവ്വാദൗത്യം |
| 4 | മംഗൾയാൻ | D | എഡ്യൂസാറ്റ് |

(എ) കാർഡുകളെ അനുയോജ്യമായി ക്രമീകരിക്കുക.

(ബി) ബഹിരാകാശ പര്യവേക്ഷണത്തിന്റെ നാഴികക്കല്ലുകളായ ഏതാനും സംഭവങ്ങൾ താഴെ കൊടുക്കുന്നു. കാലഗണനയനുസരിച്ച് ക്രമീകരിക്കുക.

A. നീൽ ആംസ്ട്രോങ്, എഡ്വിൻ ബസ് ആൽഡ്രിൻ എന്നിവർ ആദ്യമായി ചന്ദ്രനിൽ ഇറങ്ങി.
B. ഇന്ത്യയുടെ പ്രഥമ ചന്ദ്രദൗത്യമായ ചന്ദ്രയാൻ 1 വിക്ഷേപിക്കപ്പെട്ടു.
C. വോസ്തോക്- 1 എന്ന ബഹിരാകാശപേടകം ആദ്യബഹിരാകാശസഞ്ചാരിയായ യൂറിഗഗാറിനെ ബഹിരാകാശത്തെത്തിച്ചു.

(സി) ഇന്ത്യൻ ബഹിരാകാശ ഗവേഷണ ഏജൻസി ഏത്?

**പ്രവർത്തനം : 8**

"കുത്തിവയ്പ്പായതിനാൽ നാളെ ഞാൻ സ്കൂളിൽ പോകുന്നില്ല." സ്കൂൾ വിട്ടുവന്ന കുട്ടി അമ്മയോട് പറഞ്ഞു. പ്രതിരോധ കുത്തിവയ്പെടുക്കുന്നതിന്റെ പ്രാധാന്യം അമ്മ അവനെ ബോധ്യപ്പെടുത്തി.

(എ) പ്രതിരോധ കുത്തിവയ്പിന്റെ പ്രാധാന്യം എന്ത് ?

(ബി) താഴെ നൽകിയിരിക്കുന്ന കൂട്ടങ്ങളിൽ നിന്ന് പ്രതിരോധകുത്തിവയ്പ്പുമൂലം തടയാൻ കഴിയുന്ന മൂന്ന് രോഗങ്ങളുടെ പേരെഴുതുക.




(സി) പ്രതിരോധ കുത്തിവയ്പുകൾ എടുക്കുന്നതിന് കുട്ടികളെ ബോധവത്കരിക്കുന്ന ഒരു സന്ദേശം എഴുതുക.